"ഭരണഭാഷ-മാതൃഭാഷ"

നഗര-ഗ്രാമാസൂത്രണ വകുപ്പ്
മേഖലാ നഗരാസൂത്രണ കാര്യാലയം,കോഴിക്കോട്
നടപടി ക്രമം
(ഹാജർ:ഐഷ.പി.എ)

വിഷയം :- ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, പൂളക്കോട് വില്ലേജ്, ബ്ലോക്ക് നമ്പർ 6-ൽ വാർഡ് 7, റി.സർവെ. 114/92-ൽപെട്ട സ്ഥലത്ത് ഓഡിറ്റോറിയം നിർമാണം - ശ്രീ.സുൽത്താൻ എന്നവരുടെ അപേക്ഷയിൽ ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- ശ്രീ. സുൽത്താൻ എന്നവരുടെ അപേക്ഷ.

==========

ഉത്തരവ് നമ്പർ.TCPKZD/3708/2019-സി1 തീയതി: 25/02/2020

==========

ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, പൂളക്കോട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 6-ൽ വാർഡ് 7, റി.സർവെ.114/92-ൽപെട്ട **1.34 ഹെക്ടർ** സ്ഥലത്ത് **3707.5** ച.മീറ്റർ വിസ്തീർണ്ണമുള്ള 3 നിലയിലുള്ള **(ബേസ്മെന്റ്, ഗ്രൗണ്ട് + ഒന്നാം നില)** ഓഡിറ്റോറിയം നിർമാണത്തിന് (FSI-0.28,Coverage-14.6%)താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2019 പ്രകാരം ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

നിബന്ധനകൾ

1. പ്ലോട്ടിന്റെ അതിരളവുകൾ, ഉടമസ്ഥാവകാശം, അപേക്ഷകന് ഈ പ്ലോട്ടിൽ നിർമാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പഞ്ചായത്തസെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. ഫയർഫോഴ്സ് ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥാനിൽനിന്നോ ഉള്ള അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.
3. പ്ലാനിൽ രേഖപ്പെടുത്തിയ ശുചിമുറി, യൂറിനൽ, വാഷ്ബേസിൻ മുതലായവ പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്കുപൻസി നൽകുന്നതിന് മുമ്പ് ഉറപ്പ് വരുത്തേണ്ടതാണ്.
4. മഴവെള്ള സംഭരണി, കാർപാർക്കിങ് എന്നിവ പ്രായോഗികമായി സംവിധാനിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. KPBR 2019-ലെ ചട്ടം 79 പ്രകാരം ആവശ്യമായ സുരക്ഷിതമായി ഖര-ദ്രവ മാലിന്യം നിർമാർജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്കുപൻസി നൽകുന്നതിന് മുമ്പ് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
6. ശാരീരിക അവശതകൾ ഉള്ളവർക്ക് ചട്ടം 42 പ്രകാരം ആവശ്യമായ സൗകര്യങ്ങൾ യഥാവിധി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. വെന്റിലേഷന് വേണ്ടി DUCTING SYSTEM ഏർപ്പെടുത്തുന്നതിന്റെ calculation പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

Scanned with CamScanner

File No.TCPKZD/3708/2019-C1

ഈ ഉത്തരവ് നിർമാണത്തിനുള്ള ലേഔട്ട് അംഗീകാരം മാത്രമാണ് . കെട്ടിട നിർമാണാനുമതി ചട്ടപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽനിന്നും കരസ്ഥമാക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ്പ്ലാൻ നമ്പർ ടിപി/എൽഎ/9/2020 ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

നഗരാസൂത്രക, കോഴിക്കോട്

ശ്രീ.സുൽത്താൻ, S/o അബ്ദുറഹ്മാൻ, കയ്യിൽ ഹൗസ്, കൊടിയത്തൂർ,മുക്കം (ഒരുസൈറ്റ് പ്ലാൻ സഹിതം)

പകർപ്പ്.- 1) സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്
2) വെബ്സൈറ്റ് 3) കരുതൽ

കേരള നഗര - ഗ്രാമാസൂത്രണ വകുപ്പ് കോഴിക്കോട്-673005

DESPATCHED
Date 27/02/2020

Scanned with CamScanner